വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 07**

ഗാന്ധിജയന്തി: മഹാത്മാഗാന്ധി സർവകലാശാലയിൽ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിച്ചു

ഗാന്ധിജയന്തിയോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലയിൽ നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്.) യൂണിറ്റുകളുടെ നേതൃത്വത്തിൽ ക്യാമ്പസ് ക്ലീനിങ് ഡ്രൈവ് "ശ്രമദാൻ" സംഘടിപ്പിച്ചു. ബുധനാഴ്ച നടന്ന ശുചീകരണ പരിപാടി വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂത്ത ഉദ്ഘാടനം ചെയ്തു. ബാഹ്യമായ ശുചീകരണ പ്രവർത്തനങ്ങൾ പ്രതീകാത്മകം മാത്രമാണെന്നും, ബാഹ്യശുദ്ധിയേക്കാൾ പ്രാധാന്യം ആന്തരിക ശുദ്ധീകരണത്തിനാണെന്നും അദ്ദേഹം ചടങ്ങിൽ അഭിപ്രായപ്പെട്ടു. വ്യക്തിജീവിതത്തിലും ചിന്തകളിലുമുള്ള ആന്തരിക ശുദ്ധി കൈവരിക്കാൻ നാമോരോരുത്തരും പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ആൻ സെബാസ്റ്റ്യൻ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിന്ദു ജോർജ് വർഗീസ്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, സർവകലാശാലാ എൻ.എസ്.എസ്. കോഡിനേറ്റർ പ്രൊഫ. (ഡോ.) ഇ. എൻ. ശിവദാസൻ, പ്രോഗ്രാം ഓഫീസർമാരായ ഡോ. അമൽ പി., ആർദ്ര കെ. എസ്., സർവകലാശാലാ ജീവനക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

122 എൻ.എസ്.എസ്. വളണ്ടിയർമാരുടെ നേതൃത്വത്തിൽ സർവകലാശാലാ ക്യാമ്പസ് പരിസരവും വിവിധ വകുപ്പുകളും ശുചീകരിച്ചു.

ഫോട്ടോ ക്യാപ്ഷനുകൾ: 1. വൈസ് ചാൻസലർ പരിപാടി ഉദ്ഘാടനം ചെയ്യുന്നു.

2. ക്ലീനിങ് ഡ്രൈവിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ

പി.ആർ.ഒ/897/2026

കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ, ജൂനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ, ഹാർഡ് വെയർ എഞ്ചിനീയർ തസ്തികകളിൽ നിയമനം നടത്തുന്നു. വിശദ വിവരങ്ങൾക്ക്: mgu.ac.in. ഫോൺ- 0481 2733541

പി.ആർ.ഒ/898/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്, ജിയോളജി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, ഫിസിക്സ്, ഹോം സയൻസ്, ബോട്ടണി, എം. എ ഹിന്ദി, (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 22 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പി.ആർ.ഒ/899/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.എച്ച്.എം, എം.എം.എച്ച്, എം.റ്റി.എ, എം.റ്റി.റ്റി.എം (2016 മുതൽ 2018 വരെ അഡ്മിഷനുകൾ മേഴ്സി ചാൻസ്- സി.എസ്.എസ്.) പരീക്ഷകൾക്ക് നവംബർ 4 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 5 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 6 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/900/2026

പരീക്ഷാതീയതി

ഒന്നു മുതൽ നാലു വർഷ ബി എസ് സി മെഡിക്കൽ മൈക്രോബയോളജി അവസാന സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾ ഒക്ടോബർ 26 മുതൽ നടക്കും.

പി.ആർ.ഒ/901/2026

തിരുത്ത്

ഒക്ടോബർ 6ന് പ്രസിദ്ധീകരിച്ച പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള വാർത്താകുറിപ്പിൽ വന്ന ചില തെറ്റുകൾ തിരുത്തി പുന:പ്രസിദ്ധീകരിക്കുന്നു.

അഞ്ചാം സെമസ്റ്റർ സിബിസിഎസ് (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മേഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബി എസ് സി സൈബർ ഫോറൻസിക് (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷനുകൾ മേഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 16 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 22 വരെയും അപേക്ഷ സ്വീകരിക്കും.

-----------

അഞ്ചാം സെമസ്റ്റർ ബി വോക് പുതിയ സ്കീം (2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 22 വരെയും അപേക്ഷ സ്വീകരിക്കും.

-----------

അഞ്ചാം സെമസ്റ്റർ ബി എച് എം പുതിയ സ്കീം (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്/സപ്ലിമെൻ്ററി, 2020-2022 അഡ്മിഷൻ സപ്ലിമെൻററി) ഒക്ടോബർ 2026 പരീക്ഷകൾ നവംബർ 4 മുതൽ നടക്കും. ഒക്ടോബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

-----------

ഏഴാം സെമസ്റ്റർ ബി എച് എം പുതിയ സ്കീം (2023 അഡ്മിഷൻ റഗുലർ, 2020- 2022 അഡ്മിഷൻ സപ്ലിമെൻററി) ഒക്ടോബർ 2026 പരീക്ഷകൾ നവംബർ 3 മുതൽ നടക്കും. ഒക്ടോബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/902/2026

പബ്ലിക് റിലേഷൻസ് ഓഫീസർ


NATIONAL SERVICE SCHEME
MAHATMA GANDHI
UNIVERSITY CAMPUS
(KOTTAYAM, KERALA)
UNIT NO: 61,209


LOS ANGELES
LA